പതിമൂന്നാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2011-2014)

## ഒന്നാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2008–2011)-യുടെ പതിനാറാമത് റിപ്പോർട്ടിലെ
(എക്സൈസ് വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച്)
ശുപാർശകളിൻമേൽ/നിർദ്ദേശങ്ങളിൻമേൽ സർക്കാർ
സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]

(2012 ജൂൺ മാസം 27-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2011-2014)

**ഒന്നാമത് റിപ്പോർട്ട്**

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2008-2011)-യുടെ പതിനാറാമത് റിപ്പോർട്ടിലെ
(എക്സൈസ് വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച്)
ശുപാർശകളിൻമേൽ/നിർദ്ദേശങ്ങളിൻമേൽ സർക്കാർ
സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]

857/2012.

## ഉള്ളടക്കം


| | | | |
|---|---|---|---|
| | | | *പേജ്* |
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അദ്ധ്യായം I : | ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |
| അദ്ധ്യായം II : | ശുപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചിട്ടില്ലാത്തവയും അനന്തര നടപടികൾ ആവശ്യമുള്ളവയും, സമിതിയുടെ പുതിയ നിർദ്ദേശങ്ങളും | .. | 10 |

## എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011-2014)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ.

<u>അംഗങ്ങൾ</u> :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ, എം. എൽ. എ.

,, എം. എ. ബേബി ,,

,, എ. കെ. ബാലൻ ,,

,, ഡൊമിനിക് പ്രസന്റേഷൻ ,,

,, ഇ. പി. ജയരാജൻ ,,

,, സി. മോയിൻകുട്ടി ,,

,, കെ. മുരളീധരൻ ,,

,, കെ. രാജു ,,

,, എ. കെ. ശശീന്ദ്രൻ ,,

,, സി. എഫ്. തോമസ് ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. കെ. മുരളീധരൻ (സെക്രട്ടറി-ഇൻ-ചാർജ്)

,, കെ. സി. ജോസഫ് കുട്ടി, ജോയിന്റ് സെക്രട്ടറി

,, കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, അണ്ടർ സെക്രട്ടറി.

# മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2012 മേയ് മാസം 23-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2012 മേയ് 23.

വി. ഡി. സതീശൻ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

# റിപ്പോർട്ട്

പന്ത്രണ്ടാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2008-11)-യുടെ പതിനാറാമത് റിപ്പോർട്ട് (എക്സൈസ് വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച്) 30-3-2010-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 34 ശുപാർശകൾ/ നിർദ്ദേശങ്ങളാണ് ഉണ്ടായിരുന്നത്.

റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതികൾ അവയിലെ ശുപാർശകളിൻമേൽ/നിർദ്ദേശങ്ങളിൻമേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി 12-7-2011-ന് സർക്കാരിലേക്ക് അയച്ചുകൊടുത്തു. ആകെയുള്ള 34 ശുപാർശകളിൻമേൽ എക്സൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃതക്കുറിപ്പ് 4-4-2012-ന് കൂടിയ യോഗത്തിൽ സമിതി പരിഗണിക്കുകയും അവയിൽ 18, 19, 30 എന്നീ നമ്പർ ശുപാർശകളൊഴികെ മറ്റുള്ള ശുപാർശകളിൽ സർക്കാർ കൈക്കൊണ്ട നടപടികൾ അംഗീകരിക്കുകയുമുണ്ടായി. 18, 19, 30 നമ്പർ ശുപാർശകളിൽ സർക്കാർ കൈക്കൊണ്ട നടപടി പരിഗണിച്ച സമിതി സർക്കാരിലേക്ക് തുടർ ശുപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയുണ്ടായി.

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2008-2011)-യുടെ പതിനാറാമത് റിപ്പോർട്ടിലെ 34 ശുപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച മറുപടിയും, മറുപടി പരിഗണിച്ചതിന് ശേഷമുള്ള സമിതിയുടെ തുടർ ശുപാർശയും അടങ്ങുന്നതാണ് ഈ റിപ്പോർട്ടിലെ ഉള്ളടക്കം. സമിതി അംഗീകരിച്ച മറുപടികൾ അദ്ധ്യായം I-ലും സർക്കാരിൽ നിന്നും ലഭ്യമാകാനുള്ള അധികവിവരങ്ങൾ സംബന്ധിച്ച മറുപടി കാലവിളംബം കൂടാതെ ലഭ്യമാക്കേണ്ടതാണെന്ന സമിതി നിർദ്ദേശം അദ്ധ്യായം II-ലും ഉൾപ്പെടുത്തിയിരിക്കുന്നു.

## അദ്ധ്യായം I

## ശുപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്)

### ശുപാർശ നമ്പർ 1

(അത്യാവശ്യമില്ലാത്ത തസ്തികകളിൽ ജീവനക്കാരെ കുറച്ചും അവശ്യംവേണ്ട തസ്തികകളിൽ ജീവനക്കാരെ കൂടുതൽ നിയമിച്ചുകൊണ്ടും എക്സൈസ് വകുപ്പ് കാലാനുസൃതമായി പുനഃസംഘടിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.)

### സർക്കാർ സ്വീകരിച്ച നടപടി

എക്സൈസ് വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി ജി.ഒ. (എംഎസ്.) നമ്പർ 135/2008/റ്റി.ഡി. തീയതി 5-7-2008 പ്രകാരം എക്സൈസ് വകുപ്പിലെ മേഖലാ ചുമതലയുള്ള 6 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരെ ജോയിന്റ് എക്സൈസ് കമ്മീഷണർമാരായി ഉയർത്തുകയും ജില്ലാ ചുമതലയുള്ള 14 അസിസ്റ്റന്റ് എക്സൈസ്

കമ്മീഷണർമാരെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരായി ഉയർത്തുകയും ചെയ്തു. ടി തസ്തികകൾ ഉയർത്തിയതിന്റെ ഭാഗമായി 7 എക്സൈസ് ഇൻസ്പെക്ടർമാരുടെയും 7 എക്സൈസ് ഗാർഡുമാരുടെയും തസ്തികകൾ കുറവ് വന്നിട്ടുള്ളതുമാണ്. കൂടാതെ ജില്ലകളിലെ വ്യാജമദ്യത്തിനെതിരായ നടപടി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്ന തിനും ഏകോപിപ്പിക്കുന്നതിനുമായി 14 ജില്ലകളിലും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. എക്സൈസ് വകുപ്പിലെ മൈനർ ചെക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 31 എക്സൈസ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ സൃഷ്ടിച്ചു. കൂടാതെ കെ.എസ്.ബി.സി. എഫ്എൽ-9 ഷോപ്പുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിലേക്കുമായി കൊട്ടാരക്കര, പെരുമ്പാവൂർ, ആറ്റിങ്ങൽ എന്നീ കെ.എസ്.ബി.സി. എഫ്എൽ-9 ഷോപ്പുകളിൽ ജി.ഒ. (എംഎസ്.) നമ്പർ 70/2010/റ്റി.ഡി. തീയതി 20-3-2010 പ്രകാരം 3 എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരുടെയും രണ്ട് പ്രിവന്റീവ് ഓഫീസർമാരുടെയും നാല് എക്സൈസ് ഗാർഡുമാരുടെയും തസ്തികകൾ സൃഷ്ടിക്കുകയും, ജി.ഒ. (എംഎസ്.) നമ്പർ 149/2010/റ്റി.ഡി. തീയതി 15-6-2010, ജി. ഒ. (എംഎസ്.) നമ്പർ 225/2010/റ്റി.ഡി. തീയതി 13-9-2010 പ്രകാരം തിരുവനന്തപുരം, വയനാട്, കണ്ണൂർ നോർത്തേൺ പാർട്ട് എന്നീ കെ.എസ്.ബി.സി. എഫ്എൽ-9 ഷോപ്പു കളിൽ 3 എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരുടെയും 3 പ്രിവന്റീവ് ഓഫീസർ മാരുടെയും 6 എക്സൈസ് ഗാർഡുമാരുടെയും തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു.

ശുപാർശ നമ്പർ 2

(വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തണമെന്നും എല്ലാ ജീവനക്കാർക്കും കമ്പ്യൂട്ടർ പരിശീലനം നൽകണ മെന്നും സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

എല്ലാ ജീവനക്കാർക്കും കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന്റെ ഭാഗമായി IMG-യിൽ E-Governance, Office Automation, Linux എന്നിവയിൽ ഘട്ടം ഘട്ടമായി ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നു. കൂടാതെ ട്രെയിനിംഗ് കാലയളവിൽ കമ്പ്യൂട്ടർ പരിശീലനം നൽകിവരുന്നു.

ശുപാർശ നമ്പർ 3

(അബ്കാരി കുറ്റകൃത്യങ്ങളിലും വ്യാജമദ്യ വിൽപ്പനയിലും സ്ത്രീകൾ പ്രതികളായുള്ള കേസുകൾ കൂടി വരുന്നതിനാൽ വനിതാ ഗാർഡുമാരെ നിയമിക്കുന്ന തിനുള്ള നടപടികൾ എത്രയുംവേഗം പൂർത്തിയാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

വനിതാ ഗാർഡിന്റെ നിയമനവുമായി ബന്ധപ്പെട്ട് പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽനടപടികൾ സ്വീകരിക്കേണ്ടത് പി.എസ്.സി.-യാണ്. ഈ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ ഒന്നും പെന്റിംഗിലില്ലെന്ന് അറിയിക്കുന്നു.

ശുപാർശ നമ്പർ 4

(എക്സൈസ് വകുപ്പിന്റെ ചെക്കുപോസ്റ്റിലെ ജീവനക്കാർക്ക് റെയിൻകോട്ടും ട്രോളിലാഡറും നൽകുന്നതിനും ചെക്കുപോസ്റ്റിൽ നിയമിതരാകുന്ന ഉദ്യോഗസ്ഥർക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യമൊരുക്കുന്നതിനും നടപടി കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

റെയിൻകോട്ടും ട്രോളിലാഡറും നൽകുന്നതിന്റെ നടപടി ആരംഭിച്ചിട്ടുണ്ട്. ചെക്കുപോസ്റ്റിലെ ഉദ്യോഗസ്ഥർക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യമൊരുക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 5

(ചെക്കുപോസ്റ്റിലെ ഉദ്യോഗസ്ഥർക്ക് മാസ്ക് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

ചെക്കുപോസ്റ്റിലെ ഉദ്യോഗസ്ഥർക്ക് മാസ്ക് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 6

(വാണിജ്യ നികുതി ചെക്കുപോസ്റ്റുകൾ സംയോജിത ചെക്കുപോസ്റ്റുകളാക്കി എല്ലാ വിഭാഗക്കാർക്കും പ്രയോജനപ്പെടുന്ന രീതിയിൽ സ്കാനർ സ്ഥാപിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

കേരളത്തിലെ 6 മേജർ ചെക്കുപോസ്റ്റുകളിൽ ആധുനിക വാഹന സ്കാനർ (വെഹിക്കിൾ സ്കാനർ) ഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

ശുപാർശ നമ്പർ 7

(ചെക്കുപോസ്റ്റുകളിൽ സമാനവും കൃത്യവുമായ ഏകീകൃത രജിസ്റ്റർ സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ തീരുമാനം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി സർക്കാർ തീരുമാനമെടുക്കുന്നതാണ്.

ശുപാർശ നമ്പർ 8

(ചെക്കുപോസ്റ്റുകളിൽ ആയുധധാരികളായ പോലീസുകാരുടെ സേവനം ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

മിക്ക ചെക്കുപോസ്റ്റുകളിലും ആയുധധാരികളായ പോലീസുകാരുടെ സേവനം ലഭ്യമാണ്. ഇല്ലാത്ത ചെക്കുപോസ്റ്റുകളിൽ പോലീസുകാരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ നമ്പർ 9

(അച്ചൻകോവിലിൽ ഒരു സ്ഥിരം ചെക്ക്പോസ്റ്റ് നിർമ്മിക്കുന്ന കാര്യം പരിശോധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

അച്ചൻകോവിലിൽ നിന്നും കോന്നിയിലേക്കുള്ള റോഡിന്റെ പണി പൂർത്തിയാകുന്ന മുറയ്ക്ക് അച്ചൻകോവിൽ ആസ്ഥാനമായി പുതിയ എക്സൈസ് ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിന് നടപടിയെടുക്കുന്നതാണ്.

ശുപാർശ നമ്പർ 10

(ഊടുവഴികൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള നിരീക്ഷണവും സ്ക്വാഡു പ്രവർത്തനവും ശക്തിപ്പെടുത്തണമെന്നും അതിനാവശ്യമായ ആധുനിക ഉപകരണങ്ങൾ ഉപയോഗിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

ഊടുവഴികൾ കേന്ദ്രീകരിച്ച് പ്രത്യേക നിരീക്ഷണം നടത്തുന്നതിനായി നിലവിലുള്ള സ്ക്വാഡുകൾക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

ശുപാർശ നമ്പർ 11

(ഇടയ്ക്കിടെ വിജിലൻസ് പരിശോധന നടത്തിയും ഉന്നതോദ്യോഗസ്ഥരുടെ മിന്നൽപരിശോധന വഴിയും പരിശോധിച്ചുവിട്ട വാഹനങ്ങളിൽ നിന്ന് അനധികൃത സ്പിരിറ്റോ, മദ്യമോ പിടിച്ചാൽ ഉത്തരവാദികൾക്കെതിരെ കർശന നടപടി സ്വീകരിച്ചു കൊണ്ടും ചെക്കുപോസ്റ്റുകളിലെ അഴിമതി തടയുന്നതിന് ശ്രമിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

എക്സൈസ് ഇന്റലിജൻസ്, വിജിലൻസ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും അഴിമതി തടയുന്നതിന് കർശനനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

ശുപാർശ നമ്പർ 12

(ചാരായ വില്പനയിൽ സ്ത്രീകൾ കൂടുതലായി ഏർപ്പെട്ടിരിക്കുന്നതിനാൽ സ്ത്രീകൾക്കിടയിൽ കൂടുതൽ ബോധവൽക്കരണത്തിനു ശ്രമം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

ചാരായ വിൽപ്പനയിൽ സ്ത്രീകൾ കൂടുതലായി ഏർപ്പെട്ടിരിക്കുന്നതിനാൽ അവർക്കിടയിൽ ബോധവൽക്കരണം നടത്തേണ്ടത് അനിവാര്യമാണ്. ഈ വർഷത്തെ ബോധവൽക്കരണ കർമ്മ പദ്ധതിയിൽ കുടുംബശ്രീ യൂണിറ്റുകളെക്കൂടി സഹകരിപ്പിച്ച് പ്രവർത്തിക്കുവാൻ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

ശുപാർശ നമ്പർ 13

(വ്യാജമദ്യത്തിനെതിരായ നടപടി കൂടുതൽ കാര്യക്ഷമമാക്കണമെന്നും ഇതിനായി എൻഫോഴ്സ്മെന്റ്, വിജിലൻസ് സംവിധാനങ്ങൾ ശക്തമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

വ്യാജമദ്യത്തിനെതിരായ നടപടി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഓരോ ജില്ലയിലേയും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഒരു അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഏകോപിപ്പിക്കുകയും എക്സൈസ് ഇന്റലിജൻസ്, വിജിലൻസ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

ശുപാർശ നമ്പർ 14

(കെമിക്കൽ റിപ്പോർട്ട് ലഭിക്കുന്നതിലെ കാലതാമസമൊഴിവാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

കെമിക്കൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ അബ്കാരി കേസുകളിലെയും മറ്റും സാമ്പിളുകൾ പരിശോധിക്കുവാൻ തൃശ്ശൂർ എക്സൈസ് അക്കാഡമിയിൽ ഒരു പ്രത്യേക ലബോറട്ടറി സ്ഥാപിക്കുന്നതിന്റെ സാധ്യതാപഠനം നടന്നുകൊണ്ടിരിക്കുന്നു.

ശുപാർശ നമ്പർ 15

(എക്സൈസ് വകുപ്പിന് മൊബൈൽ ലബോറട്ടറി സജ്ജമാക്കുന്ന കാര്യം പരിശോധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്ത് മൂന്ന് മേഖലകളിലായി ഓരോന്നും, പാലക്കാട് ജില്ലയിൽ നിന്നും പുറത്തുപോകുന്ന കള്ള് പരിശോധിക്കുവാൻ രണ്ടെണ്ണവുമായി ആകെ അഞ്ച് മൊബൈൽ ലബോറട്ടറി സ്ഥാപിക്കുന്നതിന്റെ സാധ്യതാപഠനം നടക്കുന്നു.

ശുപാർശ നമ്പർ 16

(അപ്പീലിനുള്ള കാലാവധി 15 ദിവസമായി കുറയ്ക്കുന്നതിനു നിയമഭേദഗതി നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. വ്യാജമദ്യവും സ്പിരിറ്റും കടത്തുന്ന വാഹനങ്ങളുടെ ഉടമസ്ഥരെ കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ പ്രസ്തുത വാഹനങ്ങൾ രണ്ടുമാസത്തിനുള്ളിൽത്തന്നെ ലേലം ചെയ്യുന്നതിന് ആവശ്യമായ രീതിയിലുള്ള നടപടിക്രമങ്ങൾ നിയമത്തിലോ ചട്ടത്തിലോ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

അബ്കാരി കേസിൽ പിടിച്ചെടുക്കുന്ന വാഹനം അധികാരപ്പെട്ട ഉദ്യോഗസ്ഥനായ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ മുൻപാകെ ഹാജരാക്കുകയും യഥാർത്ഥ ആർ.സി. ഉടമയ്ക്ക് നോട്ടീസ് നൽകുകയും ടി വാഹനം കുറ്റകൃത്യത്തിന് ഉപയോഗിച്ചതായി

കണ്ടെത്തിയാൽ 67 ബി പ്രകാരം സർക്കാരിലേക്ക് കണ്ട് കെട്ടുകയും ചെയ്യുന്നു. ടി നടപടിക്കെതിരെ ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനുള്ളിൽ വാഹന ഉടമയ്ക്ക് അബ്കാരി ആക്ട് 67 ഇ പ്രകാരം അപ്പലേറ്റ് അതോറിറ്റി മുൻപാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്. ടി കാലയളവ് 15 ദിവസമായി കുറയ്ക്കണമെന്ന നിർദ്ദേശം സ്വീകരിക്കാവുന്നതാണ്. വാഹനം കണ്ടുകെട്ടിയശേഷം പരാതിയോ ആക്ഷേപമോ ഇല്ലാത്ത സാഹചര്യങ്ങളിൽ വാഹനങ്ങളുടെ വില സ്ഥിരീകരിച്ച് കാലതാമസം കൂടാതെ ലേലം ചെയ്യുന്നതാണ്.

ശുപാർശ നമ്പർ 17

(ചാരായത്തിന്റെ ഉല്പാദനവും വില്പനയും കണ്ടെത്തുന്നതിന് വകുപ്പ് കൂടുതൽ ജാഗരൂകമാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

ചാരായത്തിന്റെ ഉല്പാദനവും വില്പനയും തടയുന്നതിനായി കർശന രീതിയിൽ പരിശോധന നടത്തുന്നതിനും വാഹന പരിശോധനയും എൻഫോഴ്സ്മെന്റ് പ്രവർത്തനവും ശക്തിപ്പെടുത്തുന്നതിനും എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശുപാർശ നമ്പർ 20

(വിദ്യാർത്ഥികളിലും കൗമാരക്കാരിലുമുള്ള ലഹരി താല്പര്യത്തിനെതിരെ വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായി ചേർന്ന് ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

സ്കൂളുകളിലും കോളേജുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സഹകരണത്തോടെ ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി സെമിനാറുകൾ, ചിത്രപ്രദർശനം, പ്രസംഗം, ചിത്രരചന, ഉപന്യാസം തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുകയും, വിദഗ്ദ്ധരായ ഡോക്ടർമാരും മനശാസ്ത്രജ്ഞരും പങ്കെടുത്ത് ക്ലാസ്സുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. മദ്യ മയക്കു മരുന്ന് ബോധവൽക്കരണ പരിപാടികളിൽ വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ പൂർണ്ണ സഹകരണം ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ശുപാർശ നമ്പർ 21

(പ്രകൃതിദത്ത കള്ളിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ പേരെ ചെത്തു തൊഴിലിലേക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.)

## സർക്കാർ സ്വീകരിച്ച നടപടി

ശുദ്ധമായ കള്ളുൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് ഈ തൊഴിലിലേക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിന് സർക്കാർ നിരവധി പരിപാടികൾ സ്വീകരിച്ചിട്ടുണ്ട്. കള്ളുഷാപ്പുകൾ വഴി ശുദ്ധമദ്യം വിൽക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനും എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ശുപാർശ നമ്പർ 22

(കേരകർഷകർക്ക് ചെത്തുന്നതിനായി തെങ്ങിൻ തോട്ടങ്ങൾ നിർമ്മിക്കുന്നതിന് പ്രചോദനം നൽകുവാൻ കൃഷി വകുപ്പുമായി ചേർന്ന് പദ്ധതി തയ്യാറാക്കാനാകുമോ യെന്ന് പരിശോധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.)

## സർക്കാർ സ്വീകരിച്ച നടപടി

2011-12-ലെ അബ്കാരി പോളിസിയിൽ ഇതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## ശുപാർശ നമ്പർ 23

(വൃത്തിയുള്ള കെട്ടിടങ്ങളിൽ നല്ല ഭൗതിക സൗകര്യങ്ങളോടെ കള്ളുഷാപ്പുകൾ പ്രവർത്തിപ്പിക്കുന്നതിനു നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.)

## സർക്കാർ സ്വീകരിച്ച നടപടി

സ്വാഗതാർഹമായ നിർദ്ദേശം നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു.

## ശുപാർശ നമ്പർ 24

(കള്ള് ലഭ്യമാകുന്ന സ്ഥലങ്ങളിൽ മാത്രം ഷാപ്പുകൾ നിലനിർത്തി കള്ള് ലഭ്യമല്ലാത്ത സ്ഥലങ്ങളിലെ ഷാപ്പുകൾ പരിശോധിച്ച് അവ നിർത്തലാക്കുന്ന കാര്യം പരിശോധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.)

## സർക്കാർ സ്വീകരിച്ച നടപടി

കള്ളിന്റെ ലഭ്യത മാത്രം കണക്കാക്കിയല്ല ഷാപ്പുകൾ ഇപ്പോൾ സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഒരു ഷാപ്പിൽ മിനിമം 50 തെങ്ങെങ്കിലും ചെത്തിയിരിക്ക ണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

## ശുപാർശ നമ്പർ 25

(ഷാപ്പുകൾക്കനുസൃതമായി ചെത്തുതൊഴിലാളികളെ നിയമിക്കേണ്ടതും ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു.)

## സർക്കാർ സ്വീകരിച്ച നടപടി

എല്ലാ ഷാപ്പുകളിലും നിശ്ചിത എണ്ണം ചെത്ത് തൊഴിലാളികൾ ഉണ്ടായിരിക്കണ മെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 26

(റേഞ്ച്-സംസ്ഥാന തലത്തിൽ തൊഴിലാളി സഹകരണ സംഘങ്ങൾ രൂപീകരിച്ച് കള്ളുഷാപ്പു നടത്തിപ്പിന് സ്ഥിരം സംവിധാനമുണ്ടാക്കണമെന്നും ഷാപ്പുകളിൽ വില്പന നടത്തുന്ന കള്ളിന് ബിൽ നൽകുന്നത് നിർബന്ധമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

തൊഴിലാളികളുടെ സൊസൈറ്റികൾക്ക് രൂപം നൽകി വിവിധ സ്ഥലങ്ങളിൽ ഇപ്പോൾ തന്നെ കള്ളുഷാപ്പുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

ശുപാർശ നമ്പർ 27

(പ്രകൃതിദത്തമായ കള്ളിന്റെ ഘടകവസ്തുക്കൾ എന്താണെന്നു മനസ്സിലാക്കി അവ നിയമത്തിൽ ഉൾപ്പെടുത്തി ഘടകങ്ങൾ പരിശോധിക്കുന്നതിനു സംവിധാനം ഉണ്ടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കള്ളിന്റെ വീര്യം കൂട്ടുന്നതിനായി ഡയസോഫോം, ഈതൈൽ, മീതൈൽ ആൾക്കഹോൾ എന്നിവ ചേർക്കുന്നതിന് കൂടുതൽ കർശനമായ ശിക്ഷാ വ്യവസ്ഥകൾ നിയമത്തിൽ ഉൾക്കൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

നിർദ്ദേശം നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

ശുപാർശ നമ്പർ 28

(ചെത്തുതൊഴിലാളി പെൻഷൻ, തൊഴിലാളികളുടെ മരണശേഷം അവരുടെ വിധവകൾക്കു ലഭിക്കുന്നതിനു നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുടെ ഒരു മീറ്റിംഗ് വിളിച്ചു ചേർത്തശേഷം തീരുമാനമെടുക്കുന്നതാണ്.

ശുപാർശ നമ്പർ 29

(പോലീസ് വകുപ്പിൽ നിന്നും കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ചും സമർത്ഥരും സത്യസന്ധരുമായ ഉദ്യോഗസ്ഥരെ മാത്രം വിജിലൻസ് വിഭാഗത്തിൽ ഉൾപ്പെടുത്തിയും വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

സത്യസന്ധരായ ഉദ്യോഗസ്ഥരെ വിജിലൻസ് വിഭാഗത്തിൽ ഉൾപ്പെടുത്തി വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്.

ശുപാർശ നമ്പർ 31

(സംസ്ഥാനത്തെ ബാറുകളിൽ എക്സൈസ് ഉദ്യോഗസ്ഥർ ഇടയ്ക്കിടെ പരിശോധന നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. പല ബാറുകളിലും കൃത്യമായ ബില്ലിംഗ് സംവിധാനമില്ലെന്ന് പരാതി ഉയരുന്നുണ്ട്. ബാറുകളിൽ വിൽക്കുന്ന മദ്യത്തിന് ബിൽ നിർബന്ധമായി നൽകുന്നതിനു നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തെ ബാറുകൾ, ബിവറേജസ് കോർപ്പറേഷന്റെ മദ്യ വില്പനശാലകൾ എന്നിവിടങ്ങളിൽ സമിതിയുടെ നിർദ്ദേശം കർശനമായി നടപ്പിലാക്കണമെന്ന് എക്സൈസ് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശുപാർശ നമ്പർ 32

(ബിവറേജസ് കോർപ്പറേഷന്റെ വില്പനശാലകളിൽ കൃത്രിമം നടക്കാതിരിക്കുന്നതിനായി ഇടയ്ക്കിടെ പരിശോധന നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തെ ബാറുകൾ, ബിവറേജസ് കോർപ്പറേഷന്റെ മദ്യ വില്പനശാലകൾ എന്നിവിടങ്ങളിൽ സമിതിയുടെ നിർദ്ദേശം കർശനമായി നടപ്പിലാക്കണമെന്ന് എക്സൈസ് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശുപാർശ നമ്പർ 33

(പാൻപരാഗ്, ഹാൻസ്, ശംഭു തുടങ്ങി പുകയില ചേർത്ത ലഹരി ഉല്പന്നങ്ങൾ സംസ്ഥാന വ്യാപകമായി നിരോധിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പും എക്സൈസ് വകുപ്പും സംയുക്തമായി നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

പാൻപരാഗ്, ഹാൻസ്, ശംഭു തുടങ്ങി പുകയില ചേർത്ത ലഹരി ഉൽപ്പന്നങ്ങൾ പഞ്ചായത്തുകളിൽ നിരോധിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പാണ് നടപടി സ്വീകരിച്ചു വരുന്നത്. എക്സൈസ് വകുപ്പ് ഇതിന്റെ ഉപഭോഗത്തിനെതിരെ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു.

ശുപാർശ നമ്പർ 34

(പാമ്പിൻ വിഷം ശേഖരിക്കുന്നതിനായി വിഷപ്പാമ്പുകളെ വളർത്തുന്നതിനെതിരെയും വിഷമെടുക്കുന്നതിനെതിരെയും നടപടി സ്വീകരിക്കുന്നതിന് എക്സൈസ്, പോലീസ് വകുപ്പുകൾക്ക് കൂടി അധികാരം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ഈ നിർദ്ദേശം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

അദ്ധ്യായം II

## ശുപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമതി അംഗീകരിച്ചിട്ടില്ലാത്തവയും അനന്തരനടപടികൾ ആവശ്യമുള്ളവയും, സമിതിയുടെ പുതിയ നിർദ്ദേശങ്ങളും

ശുപാർശ നമ്പർ 18

(വ്യാജമദ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ എക്സൈസ് വകുപ്പും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും തമ്മിൽ യോജിച്ച പ്രവർത്തനങ്ങൾക്ക് സാധ്യതയുണ്ടോയെന്ന് പരിശോധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ പഞ്ചായത്തുതല ജനകീയ സമിതികൾ എല്ലാ മാസവും എക്സൈസ് ഇൻസ്പെക്ടർമാരുടെ അദ്ധ്യക്ഷതയിൽ കൂടുകയും വ്യാജമദ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ അംഗങ്ങളേയും പൊതുജനങ്ങളേയും സഹകരിപ്പിച്ച് നടപടി സ്വീകരിച്ചുവരുകയും ചെയ്യുന്നു.

ടി മറുപടി 4-4-2012-ൽ ചേർന്ന സമിതി പരിഗണിക്കുകയും, വ്യാജമദ്യ വിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുതല ജനകീയ സമിതികൾ കൂടുതൽ കാര്യക്ഷമമായും, സമയബന്ധിതമായും കൂടുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

ശുപാർശ നമ്പർ 19

(മദ്യാസക്തിക്കെതിരെയും ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങൾക്കെതിരെയും അവബോധം സൃഷ്ടിക്കുന്നതിനായി ജനകീയ കലാരൂപങ്ങളിലൂടെയുള്ള ബോധവൽക്കരണ പരിപാടികൾ കൂടുതൽ കാര്യക്ഷമമാക്കണമെന്നും ഇതിനായുള്ള ബജറ്റ് വിഹിതം വർദ്ധിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

മദ്യാസക്തിക്കെതിരെയും ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങൾക്കെതിരെയും അവബോധം സൃഷ്ടിക്കുന്നതിനായി തെരുവുനാടകം, പ്രൊഫ. ഗോപിനാഥ് മുതുകാടിന്റെ സ്റ്റോപ്പ് സാഡ് എന്ന മാജിക് പരിപാടി എന്നിവ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും അവതരിപ്പിക്കുകയും വളരെയധികം ജനശ്രദ്ധ നേടുകയും ചെയ്തിട്ടുണ്ട്. തുടർ വർഷങ്ങളിലും ജനശ്രദ്ധയാകർഷിക്കത്തക്ക കലാപരിപാടികൾ ബോധവൽക്കരണത്തിന്റെ ഭാഗമായി ആവിഷ്കരിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം (2010-11) 20 ലക്ഷം രൂപ ബോധവൽക്കരണ പരിപാടികൾക്കായി സർക്കാർ അനുവദിച്ചിട്ടുണ്ട്.

ടി മറുപടി 4-4-2012-ൽ ചേർന്ന സമിതി പരിഗണിക്കുകയും മദ്യാസക്തിക്കും, ലഹരിവസ്തുക്കളുടെ ദൂഷ്യഫലങ്ങൾക്കുമെതിരെയുള്ള ബോധവൽക്കരണ പരിപാടികൾക്കായി സർക്കാർ അനുവദിച്ചിട്ടുള്ള ഫണ്ട് ജില്ലാ കളക്ടർ മുഖേനയാണോ, അതോ വകുപ്പ് നേരിട്ടാണോ ചെലവഴിക്കുന്നതെന്നും, ഫണ്ട് വിനിയോഗം ഫലപ്രദമായി നടക്കുന്നുണ്ടോയെന്നും ഇതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും ഉള്ള വിവരം അടിയന്തിരമായി സമിതിയെ അറിയിക്കുക.

ശുപാർശ നമ്പർ 30

(കിസ്ത് കുടിശ്ശിക സംബന്ധിച്ച കേസുകൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനും പരമാവധി കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.)

സർക്കാർ സ്വീകരിച്ച നടപടി

കിസ്ത് കുടിശ്ശിക സംബന്ധിച്ച് 2010 ഒക്ടോബർ മാസത്തെ കുടിശ്ശിക വിവരണ പട്ടിക പ്രകാരം തന്നാണ്ടിൽ 16,08,76,018 രൂപ പിരിച്ചെടുത്തിട്ടുണ്ട്. ഏകദേശം 163,22,85,299 രൂപ മുതലും പലിശയും ഉൾപ്പെടെയുള്ള അബ്കാരി കുടിശ്ശികകൾ (കോടതി സ്റ്റേയോ മറ്റോ ഇല്ലാതെ) പിരിച്ചെടുക്കാൻ പാകത്തിൽ നിലവിൽ അവശേഷിക്കുന്നുണ്ട്. ടി തുകകൾ പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി ആംനസ്റ്റി സ്കീം ഉൾപ്പെടെയുള്ള പദ്ധതികൾ പ്രകാരം കുടിശ്ശിക പിരിവ് ത്വരിതപ്പെടുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രസ്തുത മറുപടി 23-5-2012-ൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും കിസ്ത് കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വകുപ്പ് വീഴ്ച വരുത്തിയതിൽ അതൃപ്തി രേഖപ്പെടുത്തുകയും പിരിച്ചെടുക്കാനുള്ള കിസ്ത് കുടിശ്ശിക എത്രയും വേഗത്തിലും, സമയബന്ധിതമായും പിരിച്ചെടുക്കണമെന്നും പ്രസ്തുത വിവരം സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

വി. ഡി. സതീശൻ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 മേയ് 23.